# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.36 — 28.11.2018 - ൽ മറുപടിക്ക്

## സ്റ്റാഫ് നഴ്സ് റാങ്ക് ലിസ്റ്റുകളിൽ നിന്നും നിയമനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.മഞ്ഞളാംകുഴി അലി** | | **പിണറായി വിജയൻ** (മുഖ്യമന്ത്രി) | |
| എ) | ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവ്വീസിനുകീഴിൽ വിവിധ ജില്ലകളിലെ സ്റ്റാഫ് നഴ്സ് ഗ്രേഡ് II തസ്തികയിലേക്ക് തയ്യാറാക്കിയ റാങ്ക് ലിസ്റ്റുകളിൽ നിന്നും നിയമന നടപടികൾ നാളിതുവരെ ആരംഭിച്ചിട്ടില്ലായെന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; കോടതി നടപടികൾ ഉള്ളതിനാൽ ഏതെല്ലാം ജില്ലകളിലെ നിയമന നടപടികളാണ് നാളിതുവരെ ആരംഭിയ്ക്കാൻ കഴിയാത്തതെന്ന് വ്യക്തമാക്കുമോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോടതി നടപടികൾ ഉള്ളതിനാൽ തിരുവനന്തപുരം, എറണാകുളം, കൊല്ലം, കണ്ണൂർ, കാസർഗോഡ്, പത്തനംതിട്ട എന്നീ ജില്ലകളിലെ നിയമന നടപടികൾ ഇതുവരെ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. |
| ബി) | കോടതി നടപടികൾ ഒഴിവാക്കുന്നതിനും റാങ്ക് ലിസ്റ്റിൽ നിന്നും നിയമന നടപടികൾ ആരംഭിക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | ബി) | സ്റ്റാഫ് നഴ്സ് നിയമനവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം, പത്തനംതിട്ട ജില്ലകളിലെ കേസ് നിലവിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരിഗണനയിലാണ്. പത്തനംതിട്ട ജില്ലയിലെ കേസുമായി ബന്ധപ്പെട്ട് പ്രതിവാദ പത്രിക അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസിൽ സമർപ്പിച്ചിട്ടുണ്ട്. റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനനടപടിയുമായി ബന്ധപ്പെട്ട കേസുകളിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷനും ബഹു. സുപ്രീം കോടതിയിൽ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്. |
| സി) | റാങ്ക് ലിസ്റ്റിൽ നിലവിൽ വന്ന് മാസങ്ങളായിട്ടും നിയമന ശിപാർശ ലഭിക്കാത്തതുമൂലം ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളുടെ ആശങ്ക പരിഹരിയ്ക്കുന്നതിനും അടിയന്തരമായി നിയമന നടപടികൾ ആരംഭിയ്ക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിയ്ക്കുമോ? | സി) | കോടതി ഉത്തരവ് പുറപ്പെടുവിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ. |

Milan

സെക്ഷൻ ഓഫീസർ